ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽനിന്നും പണി തീർത്ത റോഡുകൾ

1553. [2321] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഡിപ്പാർട്ടുമെൻറ് പണി തീർത്ത റോഡുകളുടെ മെയിൻറനൻസ് പി.ഡബ്ല്യു.ഡി. നടത്താത്ത സാഹചര്യത്തിൽ അവയുടെ മെയിൻറനൻസും ഫിഷറീസ് വകുപ്പ് തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) പെരുഞ്ഞനം പഞ്ചായത്തിലെ ആറാട്ടുകടവ് റോഡ് നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം മെയിൻറനൻസ് നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

വൈക്കം ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസിൽ അഴിമതി നടന്നതായുള്ള പരാതി

1554. [2322] ശ്രീ. എം.കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ വൈക്കത്തെ ഇൻസ്പെക്ടർ ഓഫീസിൽ മൽസ്യത്തൊഴിലാളികളുടെ തൊഴിൽ ഉപകരണത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് സാധനങ്ങൾ വാങ്ങിയതിൽ വൻപിച്ച അഴിമതി നടന്നതായ പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിവരുന്നു. ബന്ധപ്പെട്ട ഫിഷറീസ് ഇൻസ്പെക്ടറെ സ്ഥലം മാറ്റിയിട്ടുണ്ട്.

എടവിലങ്ങ് പഞ്ചായത്തിൽ അനുവദിച്ച ഫിഷറീസ് ഡിസ്പെൻസറി

1555. [2323] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടവിലങ്ങ് പഞ്ചായത്തിൽ അനുവദിച്ച ഫിഷറീസ് ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൻെറ പ്രവർത്തനം ഹെൽത്ത് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയമാനുസൃതം ആശുപത്രി കെട്ടിടം പണിയുന്നതിനുവേണ്ടി വരുന്ന ഒരേക്കർ സ്ഥലം എടവിലങ്ങ് പഞ്ചായത്ത് ഇതുവരെ ഫിഷറീസ് വകുപ്പിന് ലഭ്യമാക്കാത്തതിനാലാണ് അവിടെ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാത്തത്.

(ബി) എടവിലങ്ങ് പഞ്ചായത്ത് ആവശ്യമായ സ്ഥലം ലഭ്യമാക്കുയാൽ മാത്രമേ ആശുപത്രി കെട്ടിടം പണികഴിക്കുവാൻ സാധിക്കുകയുള്ളു. കെട്ടിടം പണി പൂർത്തിയാക്കി ആരോഗ്യവകുപ്പിനെ ഏൽപ്പിച്ചാൽ മാത്രമേ സ്റ്റാഫിനെ നിയമിച്ച് ആശുപത്രി പ്രവർത്തനം ആരംഭിക്കാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുകയുള്ളു.

മൽസ്യഫെഡിന്റെ പ്രവർത്തനത്തിനനുവദിച്ച തുക

1556. [2324] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യഫെഡിന്റെ പ്രവർത്തനത്തിന് ഇക്കൊല്ലം എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) അതിന്റെ പ്രവർത്തനത്തിനുവേണ്ടി ലോണായോ ഗ്രാൻറായോ ഏതെങ്കിലും സാമ്പത്തിക സ്ഥാപനങ്ങൾ തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളൊന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 167 ലക്ഷം രൂപ.

(ബി) ഉണ്ട്.

(സി) സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിയിൽനിന്നും 7,15,900 രൂപ അനുവദിച്ചിട്ടുണ്ട്.

മൽസ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി

1557. [2325] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ അടയ്ക്കേണ്ട വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സംസ്ഥാന ഗവൺമെൻറിന്റെ വിഹിതം 7,25,702 രൂപയാണ്. കേന്ദ്ര ഗവൺമെൻറ് വിഹിതം സംസ്ഥാന ഗവൺമെൻറിന്റെ വിഹിതത്തിന് തുല്യമായ സംഖ്യയാണ്.

മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സംഗ്രാൻറ്

1558. [2326] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലപ്സംഗ്രാൻറ് നൽകുന്നതിനായി എന്തു തുക ചെലവഴിച്ചു ;

(ബി) 1983-84, 1984-85, 1985-86, 1986-87 എന്നീ വർഷങ്ങളിൽ എത്ര കുട്ടികൾക്ക് എന്തുതുക വീതം നൽകിയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly